## 455

1. സ്വർഗ്ഗത്തിൽ നിക്ഷേപം ശേഖരിക്കും
സാധുവോടീവിധമായിരിക്കും
സർവ്വേശൻ ചൊല്ലുവതെല്ലായ്പോഴും
എൻകണ്ണിനാൽ നിന്നെ ഞാൻ നടത്തും-

2 നാനാ പരീക്ഷകൾ വന്നിടുമ്പോൾ
പാലകന്മാർ  പറന്നോടിടുമ്പോൾ
നാദമിതു ചെവി പൂകിടട്ടെ
എൻകണ്ണിനാൽ നിന്നെ ഞാൻ നടത്തും

3 ഭൗമികമായ നിന്നാശയെല്ലാം
കാലമാം കല്ലറ പൂകിടുമ്പോൾ
പിന്നെയുമീ വാക്കു ധൈര്യമേകും
എൻ കണ്ണിനാൽ നിന്നെ ഞാൻ നടത്തും-

4 കള്ളൻ തുരുമ്പും പുഴുവിവയാൽ
കൊള്ളയാകാതുള്ള നിൻമുതൽ നീ
സ്വർഗ്ഗമഹത്ത്വത്തിൽ ക  ിടുമ്പോ-
ളെൻ നടത്തിപ്പുകൾ ബോദ്ധ്യമാകും

**K.V.S.**